**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1556** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും അവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. അതിഥി പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. |
| (ബി) | 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ നിലവിൽ നടപ്പാക്കുന്നുണ്ടോ ; ആയത് ഫലപ്രദമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിലും സേവന വ്യവസ്ഥകളും സംരക്ഷിക്കുന്നതിനുമായുള്ള കേന്ദ്ര നിയമമായ 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ് അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. എന്നാൽ കോൺട്രാക്ടർ മുഖേനയല്ലാതെ ഒറ്റയ്ക്ക് വരുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് ആക്റ്റിൽ വ്യവസ്ഥയില്ല.<br><br>സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാരിന്റെ പരിഗണനയിലാണ്. ടി ഓർഡിനൻസ് കൊണ്ട് വരുന്നതിന്റെ ഉദ്ദേശം തന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. |
| (സി) | സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമാണോ ;ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ജില്ല തിരിച്ച ലഭ്യമാക്കുമോ ? | (സി) | സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ക്രമ നമ്പർ | ജില്ല | ആവാസ് പദ്ധതി പ്രകാരം | കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം |
|---|---|---|---|
| 1 | തിരുവനന്തപുരം | 63,788 | 7,349 |
| 2 | കൊല്ലം | 24,946 | 6,188 |
| 3 | പത്തനംതിട്ട | 24,119 | 7,914 |
| 4 | ആലപ്പുഴ | 36,927 | 9,757 |
| 5 | കോട്ടയം | 34,251 | 9,026 |
| 6 | ഇടുക്കി | 19,587 | 10,192 |
| 7 | എറണാകുളം | 1,15,053 | 30,644 |
| 8 | തൃശ്ശൂർ | 41,900 | 10,229 |
| 9 | പാലക്കാട് | 24,694 | 6,661 |
| 10 | മലപ്പുറം | 29,856 | 12,859 |
| 11 | കോഴിക്കോട് | 44,628 | 12,746 |
| 12 | വയനാട് | 11,839 | 13,232 |
| 13 | കണ്ണൂർ | 28,874 | 17,517 |
| 14 | കാസറഗോഡ് | 15,858 | 10,447 |
| | **ആകെ** | **5,16,320** | **1,64,761** |

സെക്ഷൻ ഓഫീസർ.